# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.519 — 26/04/2017-ൽ മറുപടിക്ക്

### അറ്റകുറ്റപണികൾക്കിടയിൽ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് നഷ്ടപരിഹാരം

| | ചോദ്യം<br><br>ശ്രീ.എസ്.ശർമ്മ | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി വിതരണ മേഖലയിൽ അറ്റകുറ്റപണികൾക്കിടയിൽ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം അനുവദിച്ചിട്ടുള്ള സഹായങ്ങളാണ് ഇപ്പോഴും മാനദണ്ഡമാക്കിയിട്ടുള്ളതെന്ന് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ)<br>&<br><br>(ബി) | കേന്ദ്രനിയമമായ തൊഴിലാളി നഷ്ടപരിഹാര നിയമം 1923-ൽ കാലാകാലങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ (തൊഴിലാളി നഷ്ടപരിഹാര (ഭേദഗതി) നിയമം 2000, തൊഴിലാളി നഷ്ടപരിഹാര (ഭേദഗതി) നിയമം 2009) പ്രകാരം വർദ്ധനവ് വരുത്തിയിട്ടുള്ള നഷ്ടപരിഹാരവും, ശവസംസ്കാര ചെലവുകളും, അപകടത്തിൽ മരണപ്പെടുന്ന കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തൊഴിലാളികൾക്കും, 3 ലക്ഷം രൂപയിൽ കുറഞ്ഞ അടങ്കൽ തുകയുള്ള ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാർ തൊഴിലാളികൾക്കും പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്കും, കോടതി ഉത്തരവുകൾക്കും, ആയതുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ മാനദണ്ഡങ്ങൾക്ക് വിധേയമായും നിലവിൽ അനുവദിച്ചു വരുന്നു. പ്രസ്തുത നിയമം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാണ്. |
| (ബി) | പ്രസ്തുത നിയമം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും അപകടത്തിൽ പെടുന്നവർക്ക് ചികിത്സാസഹായവും അവശതാനഷ്ടപരിഹാരവും സമയബന്ധിതമായി നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ